II ഇ.ബി. XIII- കേരള നിയമസഭ/XV-2

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ഡിസംബർ 01, ചൊവ്വ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ ബാർകോഴക്കേസിൽ കുറ്റാരോപിതനായ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് നിശബ്ദരായെങ്കിലും ഭരണപക്ഷത്തു നിന്നുണ്ടായ പ്രകോപനപരമായ അഭിപ്രായപ്രകടനത്തിൽ പ്രതിഷേധിച്ച് സ്പീക്കറുടെ ഡയസിനടുത്തു വന്നുനിന്ന് ബഹളം വയ്ക്കുകയും സ്പീക്കറുടെ റൂളിംഗിനെത്തുടർന്ന് സ്വസ്ഥാനങ്ങളിൽ

ഉപവിഷ്ടരാകുകയും ചെയ്തു.)

4(*31) <u>നാളേക്ക് ഇത്തിരി ഊർജ്ജം പദ്ധതി</u>

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) നൽകിയ മറുപടിയിൽ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഫലമായി പ്രസരണനഷ്ടം ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും വിദ്യാർത്ഥികളിൽ ഊർജ്ജ അവബോധം വളർത്തുന്നതിനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി എനർജി മാനേജ്മെന്റ് സെന്ററും കെ.എസ്.ഇ.ബി.യും ചേർന്ന് *'നാളേക്ക് ഇത്തിരി ഊർജ്ജം'* പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതിയുടെ തുടർച്ചയായി സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ്/സി.ബി.എസ്.ഇ./പ്രൈവറ്റ് സ്കൂളുകൾ ബന്ധിപ്പിച്ച് രൂപീകരിച്ച ഊർജ്ജക്ലബ്ബുകളിൽ 2013-14-ൽ 392 സ്കൂളുകളും 2014-15-ൽ 1500 സ്കൂളുകളും അംഗങ്ങളായിട്ടുണ്ട്. മികച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയ സ്കൂളുകൾക്ക് സമ്മാനം നൽകിയിട്ടുണ്ട്. SEP നടത്തിപ്പിനായി ഇ.എം.സി. യുടെ കീഴിൽ 14 ജില്ലകളിൽ ഓരോ ജില്ലാ കോ-ഓർഡിനേറ്റർമാരും 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോ ജോയിന്റ് കോ-ഓർഡിനേറ്റർമാരും പ്രവർത്തിക്കുന്നുണ്ടെന്നും ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി 125-

ഓളം ഫെസിലിറ്റേറ്റേഴ്സിനെ നിയമിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ താല്പര്യമുള്ളവർക്ക് സാങ്കേതിക/സാമ്പത്തിക സഹായം നൽകുന്നുണ്ട്. മെച്ചപ്പെട്ട ഊർജ്ജ സംരക്ഷണ പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് പ്രത്യേക അവാർഡ് നൽകുന്നുണ്ടെന്നും എനർജി ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. പട്ടികജാതി/പട്ടികവർഗ്ഗ, ബി.പി.എൽ. കുടുംബങ്ങൾക്ക് രണ്ട് എൽ.ഇ.ഡി. ബൾബുകൾവീതം സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സബ്സിഡി നൽകിക്കൊണ്ട് പന്ത്രണ്ടായിരം വീടുകളിൽ ഗ്രിഡ് കണക്ടഡ് റൂഫ് ടോപ് സോളാർ പാനലുകൾ സ്ഥാപിക്കുന്നതാണെന്നും ചീമേനിയിൽ 500 ഏക്കർ സ്ഥലം സൗരോർജ്ജ പദ്ധതിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതാണെന്നും കാർബൺ ക്രെഡിറ്റിനുവേണ്ടി തുകയൊന്നും ലഭിച്ചിട്ടില്ലെന്നും വൈദ്യുതാഘാതംമൂലം മരണമടയുന്നവർക്കുള്ള നഷ്ടപരിഹാരം 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

5(*32) <u>പുതിയ സഹകരണ സ്ഥാപനങ്ങൾ</u>

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരമേറ്റശേഷം

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വായ്പാ സംഘങ്ങൾ, മാർക്കറ്റിംഗ് & പ്രോസസ്സിംഗ്, കൺസ്യൂമർ, ഫാമിംഗ് പ്രൊഡ്യൂസേഴ്സ്, ആശുപത്രി, പട്ടികജാതി/പട്ടികവർഗ്ഗം, വിദ്യാഭ്യാസം, ലേബർ കോൺട്രാക്ട്, വനിത, ടൂറിസം, പലവക എന്നിവ ഉൾപ്പെടെ 1798 സഹകരണ സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 1969-ലെ കേരള സഹകരണ സംഘം നിയമം/ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ, സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ എന്നിവയ്ക്കനുസൃതമായാണ് രജിസ്ട്രേഷൻ നൽകുന്നത്. ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സഹകരണ ബാങ്കുകൾക്ക് ആർ.ബി.ഐ.യുടെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ടെന്നും നിശ്ചിത മൂലധന പര്യാപ്തത കൈവരിക്കൽ, സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ (എസ്.എൽ.ആർ) കഴിച്ചുള്ള തുകയുടെ നിക്ഷേപം, സ്വർണ്ണ പണയം എന്നിവ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സഹകരണമേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വനിത, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങളെ പുനരുദ്ധരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കാർഷിക വായ്പയ്ക്ക് പലിശ സബ്സിഡി നൽകുന്നുണ്ടെന്നും സഹകരണ ബാങ്കുകൾക്ക് ശാഖകൾ അനുവദിക്കുന്നുണ്ടെന്നും സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്ന

നിർദ്ദേശങ്ങൾ ഒഴിവാക്കാമെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ഉറപ്പു നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 368 മുതൽ 689 വരെയുള്ള ചോദ്യങ്ങളിൽ 230 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)